സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

## കുന്ദമംഗലത്ത് ജ്വല്ലറി ഷോറൂമിൽ വൻ തീപ്പിടിത്തം; ആളപായമില്ല

കോഴിക്കോട്: കുന്ദമംഗലത്ത് ജ്വല്ലറി ഷോറൂമിൽ തീപ്പിടിത്തം. കുന്ദമംഗലം കോടതിയുടെ കവാടത്തിന് സമീപത്ത് പ്രവർത്തിക്കുന്ന ഫെല്ല ജ്വല്ലറിയുടെ ഒന്നാം നിലയിലാണ് തീപിടിത്തമുണ്ടായത്. കടയുടെ ഇൻറീരിയർ ഉൾപ്പെടെയുള്ള ഭാഗങ്ങളാണ് ഭാഗികമായി കത്തിനശിച്ചത്. രാത്രി ഒരു മണിയോടെ കെട്ടിടത്തിൽ നിന്ന് പുക ഉയരുന്നതുകണ്ട നാട്ടുകാർ പോലീസിനെ വിവരം അറിയിക്കുകയായിരുന്നു. വെള്ളിമാടുകുന്ന് ഫയർ സ്റ്റേഷനിൽ നിന്ന് രണ്ടു യൂണിറ്റും മുക്കം ഫയർ സ്റ്റേഷനിൽ നിന്ന് ഒരു യൂണിറ്റും എത്തിയാണ് തീ അണച്ചത്. കുന്ദമംഗലം പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തിയിരുന്നു.

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാള്യം: 59 | ലക്കം: 152 | 2024 സെപ്തംബർ 30 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

## പോക്സോ കേസിൽ മോൻസൻ മാവുങ്കലിനെ കോടതി വെറുതെവിട്ടു; ഒന്നാംപ്രതിയായ മാനേജർ കുറ്റക്കാരൻ



കൊച്ചി: പോക്സോ കേസിൽ മോൻസൻ മാവുങ്കലിനെ കോടതി വെറുതെവിട്ടു. മോൻസൻ മാവുങ്കൽ രണ്ടാം പ്രതിയായ പോക്സോ കേസിലാണ് പെരുമ്പാവൂർ കോടതി വിധി പറഞ്ഞത്. അതേസമയം, പോക്സോ കേസിലെ ഒന്നാംപ്രതിയും മോൻസന്റെ മാനേജറും മേക്കപ്പ്മാനുമായ ജോഷി കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തി. പ്രതിയുടെ ശിക്ഷ ഉച്ചയ്ക്ക് ശേഷം വിധിക്കും.

മോൻസൻ മാവുങ്കലിന്റെ ജീവനക്കാരിയുടെ മകളെ ഇയാളുടെ മേക്കപ്പ്മാനായ ജോഷി ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിലാണ് കോടതി ഇന്ന് വിധി പറഞ്ഞത്. ജോഷി പെൺകുട്ടിയെ പീഡിപ്പിച്ച സംഭവമറിഞ്ഞിട്ടും ഇത് മറച്ചുവെച്ചെന്നും പീഡനത്തിന് സഹായം ചെയ്തെന്നുമായിരുന്നു ഈ കേസിലെ രണ്ടാംപ്രതിയായ മോൻസനെതിരേ ചുമത്തിയിരുന്ന കുറ്റം. ഇതേ പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ മോൻസൽ മാവുങ്കലിനെ കോടതി നേരത്തെ ജീവിതാന്ത്യം വരെ തടവിന് ശിക്ഷിച്ചിരുന്നു. ഈ കേസിൽ മോൻസൻ മാത്രമായിരുന്നു പ്രതി.

ഉന്നത വിദ്യാഭ്യാസസഹായം വാഗ്ദാനം ചെയ്ത് ജീവനക്കാരിയുടെ മകളായ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ മോൻസൻ പീഡിപ്പിച്ചെന്നായിരുന്നു പരാതി. 2019 ലായിരുന്നു കേസിനാസ്പദമായ സംഭവം. പെൺകുട്ടിയെ തുടർന്ന് പഠിക്കാൻ സഹായിക്കാമെന്നും പഠനത്തിന്റെ കൂടെ കോസ്മറ്റോളജിയും കൂടി പഠിപ്പിക്കാം എന്നും പറഞ്ഞ് പ്രലോഭിപ്പിച്ച് മോൻസന്റെ എറണാകുളത്തെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു താമസിപ്പിച്ച് നിരന്തരം പീഡിപ്പിക്കുകയായിരുന്നു. ഇതേ പെൺകുട്ടിയെയാണ് മോൻസന്റെ മാനേജറായ ജോഷിയും പീഡനത്തിനിരയാക്കിയത്.

പുരാവസ്തുതട്ടിപ്പ് പുറത്തായതിന് പിന്നാലെയാണ് മോൻസനെതിരേ പോക്സോ പരാതിയുമായി ജീവനക്കാരിയും എത്തിയത്. മോൻസനെ ഭയന്നാണ് നേരത്തെ പരാതി നൽകാതിരുന്നതെന്നും പരാതിക്കാരി വ്യക്തമാക്കിയിരുന്നു.

# മിഥുൻ ചക്രവർത്തിക്ക് ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം



മുംബൈ: ബോളിവുഡ് നടൻ മിഥുൻ ചക്രവർത്തിക്ക് രാജ്യത്തെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരം. തിളക്കമുള്ള കഥാപാത്രങ്ങൾ കൊണ്ട് സമ്പന്നമായ, അഞ്ച് പതിറ്റാണ്ടിന്റെ അഭിനയ ജീവിതമാണ് ആദരിക്കപ്പെടുന്നത്.

വെള്ളിത്തിരയിൽ ഫാസ്റ്റ് നമ്പറുകൾ ഇറക്കി ഒരുകാലത്ത് ആരാധകരെ ഇളക്കിമറിച്ച ഡിസ്കോ ഡാൻസർ ഇന്ത്യൻ ജാക്സൺ എന്നറിയപ്പെടുന്ന മിഥുൻ ചക്രവർത്തിയെ ഇങ്ങനെ അടയാളപ്പെടുത്താം. 1976ൽ പുറത്തിറങ്ങിയ മൃഗയ എന്ന തന്റെ ആദ്യ സിനിമയ്ക്ക് തന്നെ ദേശീയ അവാർഡ്. തുടർന്നിങ്ങോട്ട് ബോളിവുഡിൽ തരംഗമായി മാറിയ നടൻ. 1982ലെ ഡിസ്കോ ഡാൻസർ എന്ന ചിത്രത്തിന് ശേഷം വലിയ താരമായി. പ്രേം പ്രതിഗ്യാ, ജംഗ്, പ്യാർ ജുക്താ നഹി, അഗ്നിപഥ് തുടങ്ങി 350ൽ പരം ചിത്രങ്ങൾ. ഹിന്ദി, ബംഗാളി, പഞ്ചാബി, കന്നഡ തുടങ്ങി അഞ്ച് പതിറ്റാണ്ടോളം ആകുന്ന അഭിനയ ജീവിതത്തിൽ ചെന്നെത്താത്ത ഭാഷകളും കുറവ്. മൂന്ന് ദേശീയ അവാർഡുകൾ. പത്മഭൂഷൻ ലഭിച്ചതിന്റെ പിന്നാലെയാണ് ഇരട്ടിമധുരമായി പരമോന്നത അംഗീകാരമായ ദാദാ സാഹെബ് ഫാൽക്കെ പുരസ്കാരം തേടിയെത്തുന്നത്. മുംബൈയിലെ തെരുവുകളിൽ പട്ടിണി കിടന്ന് നേടിയെടുത്ത ജീവിത വിജയമാണ് തന്റേതെന്ന് താരം ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

1950 ജൂൺ 16ന് കൊൽക്കത്തയിൽ ആയിരുന്നു ജനനം. 2000 കാലഘട്ടത്തിൽ ബോളിവുഡിൽ നിറം മങ്ങിയപ്പോൾ മിഥുൻ ചക്രവർത്തി തിരിച്ചെത്തിയത് ബാംഗാളി സിനിമയിലേക്കായിരുന്നു. മമത ബാനർജിയുമായുള്ള അടുപ്പം രാഷ്ട്രീയത്തിലേക്ക് എത്തിച്ചു. 2014ൽ തൃണമൂൽ ടിക്കറ്റിൽ രാജ്യസഭാ അംഗമായി. കളംമാറ്റിയ താരത്തെ പിന്നെ കണ്ടത് ബിജെപി ക്യാംപിലാണ്.

കഴിഞ്ഞവർഷം പുറത്തിറങ്ങിയ ബംഗാളി ചിത്രം കാബൂളിവാലയിലാണ് 74കാരനായ മിഥുൻ ചക്രവർത്തി ഒടുവിൽ അഭിനയിച്ചത്.

## യന്ത്രത്തിൽ കൈ കുടുങ്ങി ജീവനക്കാരിക്ക് പരുക്ക്

ഗുരുവായൂർ:ഇരിങ്ങപ്പുറത്ത് ചപ്പാത്തിക്ക് മാവു കുഴയ്ക്കുന്ന യന്ത്രത്തിൽ കൈ കുടുങ്ങി വനിതാ ജീവനക്കാരിക്ക് പരിക്ക്.ഇരിങ്ങപ്പുറത്തുള്ള ഗണേഷ് ഫുഡ് ഭക്ഷ്യനിർമാണ യൂണിറ്റിലായിരുന്നു സംഭവം. തിരുവെങ്കിടം ആലുക്കൽ സുബ്രന്റെ ഭാര്യ സരോജിനിയുടെ കൈ ആണ് കുടുങ്ങിയത്. യന്ത്രം പ്രവർത്തിക്കുന്നതിനിടെ സരോജിനിയുടെ വലതുകൈ ഉള്ളിൽപ്പെടുകയായിരുന്നു.പെട്ടെന്ന് യന്ത്രം ഓഫാക്കിയെങ്കിലും കൈ എടുക്കാനായില്ല.

## സ്വർണ്ണക്കവർച്ച: മുഖ്യപ്രതി ഉപയോഗിച്ചത് ഡിവൈഎഫ്ഐ നേതാവിന്റെ കാർ

തൃശൂർ: തൃശൂരിലെ സ്വർണ്ണക്കവർച്ച കേസിൽ മുഖ്യപ്രതി റോഷൻ വർഗീസ് ഉപയോഗിച്ചത് ഡി.വൈ.എഫ്.ഐ നേതാവിന്റെ കാർ. തിരുവല്ലയിലെ നാങ്കരമല യൂണിറ്റ് സെക്രട്ടറി ഷാഹുൽ ഹമീദിന്റെ കാർ പോലീസ് കസ്റ്റഡിയിലെടുത്തു. ഷാഹുലിനെ കണ്ടെത്താൻ തിരച്ചിൽ തുടങ്ങി. തൃശൂർ പോലീസ് ഷാഹുൽ ഹമീദിന്റെ തിരുവല്ലയിലെ വീട്ടിൽ പരിശോധന നടത്തി.

തൃശൂരിൽ രണ്ടുകോടി രൂപയുടെ സ്വർണം കൊള്ളയടിച്ച സംഘത്തിന്റെ തലവൻ റോഷൻ വർഗീസ് ഇൻസ്റ്റഗ്രാമിൽ റീലുകൾ ചെയ്ത് സ്വന്തമാക്കിയത് അരലക്ഷം ഫോളോവേഴ്സിനെ. തമിഴ്നാട്, കേരളം, കർണാടക സംസ്ഥാനങ്ങളിലായി 22 കേസുകളിൽ പ്രതിയാണ്. കുപ്രസിദ്ധ മോഷ്ടാവ് റോഷൻ തിരുവല്ല. യഥാർഥ പേര് റോഷൻ വർഗീസ്. പ്ലസ്ടു വരെ പഠിച്ചു. പ്രധാന പണി സ്വർണം തട്ടിയെടുക്കുക. വിവിധ ദേശീയപാതകളിൽ കാർ യാത്രക്കാരെ ആക്രമിച്ച് സ്വർണം തട്ടിയെടുത്തു. പിടിയിലായി റിമാൻഡിലാകും. ജയിലിൽ നിന്നിറങ്ങി വീണ്ടും സ്വർണം തട്ടും. തൃശൂർ കല്ലിടുക്ക് ദേശീയപാതയിൽ സ്വർണം തട്ടിയ ഒൻപതംഗ സംഘത്തിന്റെ തലവൻ റോഷനാണ്. തിരുവല്ലയിൽ നിന്നാണ് പോലീസ് പിടികൂടിയത്.

ഇൻസ്റ്റഗ്രാമിൽ റോഷനെ ഫോളോ ചെയ്യുന്ന പലർക്കും ഇത് മോഷ്ടാവിന്റെ അക്കൗണ്ടാണെന്ന് അറിയില്ല. സ്ഥിരമായി റീൽ ചെയ്ത് ഒട്ടേറെ ആരാധകരെ ഉണ്ടാക്കിയിട്ടുണ്ട്. തൃശൂരിൽ സ്വർണം നഷ്ടപ്പെട്ട വ്യാപാരി സാധാരണ കച്ചവടക്കാരനാണ്. മോഷ്ടാക്കൾ കൊണ്ടുപോയ സ്വർണം തിരിച്ചുകിട്ടിയില്ലെങ്കിൽ ജീവിതം വഴിമുട്ടും. ഇതുതിരിച്ചറിഞ്ഞ പോലീസ് സ്വർണം വീണ്ടെടുക്കാൻ കഠിന ശ്രമം തുടങ്ങി. മൂന്നു ക്വട്ടേഷൻ സംഘമാണ് സ്വർണ കവർച്ചയ്ക്കു പിന്നിൽ. തിരുവല്ല, ചേരാനെല്ലൂർ, തൃശൂർ എന്നിവിടങ്ങളിൽ നിന്നുള്ള യുവാക്കളാണ് സംഘത്തിൽ.

## 'അൻവർ പാർട്ടിയോടാണ് ഇടഞ്ഞത്, കുടുംബത്തിൽ പ്രശ്നമുണ്ടായാൽ ആരെങ്കിലും ബാപ്പയെ കൊല്ലുമോ?'



പത്തനംതിട്ട: പി.വി. അൻവർ എം.എൽ.എ നിലമ്പൂരിൽ നടത്തിയ വിശദീകരണയോഗത്തിലെ ജനപങ്കാളിത്തം ഇടതുപക്ഷത്തെ ബാധിക്കുന്ന പ്രശ്നമല്ലെന്ന് എൽ.ഡി.എഫ്. കൺവീനർ ടി.പി. രാമകൃഷ്ണൻ. ഇത്തരമൊരു പ്രശ്നത്തിൽ യോഗം വിളിച്ചാൽ കാര്യങ്ങൾ കേൾക്കാൻ ജനങ്ങൾ വരും. അത് സി.പി.എമ്മിനെതിരാണെങ്കിൽ കൂടുതൽ ആളുകൾ വരും. അത് താത്ക്കാലികം മാത്രമാണെന്നും ടി.പി. രാമകൃഷ്ണൻ മാധ്യമങ്ങളോട് പറഞ്ഞു.

അൻവർ വൈരുദ്ധ്യനിലപാടുകളാണ് സ്വീകരിക്കുന്നത്. ഇത് സി.പി.എം വിരുദ്ധനിലപാടായതുകൊണ്ട് കൂടുതൽ പ്രചാരണം ലഭിക്കും. ഇത്തരം സാഹചര്യങ്ങളെ അതിജീവിച്ചാണ് പാർട്ടി ഭരണത്തിലേറിയത്. സി.പി.ഐ പറയുന്ന കാര്യങ്ങളാണ് അൻവർ പറയുന്നതെന്ന നിലപാട് തനിക്കില്ല. സി.പി.ഐ ഒരു പാർട്ടിയല്ലേ. അവർ നിലപാട് പറയും. എ.ഡി.ജി.പി.ക്കെതിരെ അന്വേഷണം നടക്കുന്നുണ്ട്.

അൻവറുമായി പാർട്ടി ഇടഞ്ഞിട്ടില്ല. അൻവറാണ് പാർട്ടിയുമായി ഇടഞ്ഞത്. പാർട്ടിയെ അനുകൂലിക്കുന്നവർ പാർട്ടിക്കെതിരായി പ്രസ്താവന നടത്താറില്ല. എന്നാൽ, അൻവർ അതിരൂക്ഷമായി സി.പി.എമ്മിനേയും മുഖ്യമന്ത്രിയേയും ആക്രമിച്ചു. അതിനാലാണ്, സി.പി.എമ്മുമായി അൻവറിന് ബന്ധമില്ലെന്ന നിലപാട് സംസ്ഥാന സെക്രട്ടറി സ്വീകരിച്ചത്.

ഇടതുപക്ഷത്തിനൊപ്പം നിൽക്കാത്ത നിലപാടുകളാണ് അദ്ദേഹത്തിന്റേത്. സി.പി.എം. പാർലമെന്ററി പാർട്ടി യോഗത്തിൽ വിളിച്ചാലും പോവില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. പാർട്ടിയുടെ നിർദേശങ്ങൾക്കനുസരിച്ചല്ല അദ്ദേഹത്തിന്റെ നിലപാടുകൾ.

മുഖ്യമന്ത്രി ബാപ്പയെപ്പോലെയാണെന്ന് നേരത്തെ അൻവർ പറഞ്ഞിരുന്നുവെന്ന് ചൂണ്ടിക്കാണിച്ച മാധ്യമപ്രവർത്തകരോട് കുടുംബത്തിൽ ഒരു പ്രശ്നമുണ്ടായാൽ ആരെങ്കിലും ബാപ്പയെ കുത്തിക്കൊല്ലുമോ എന്നായിരുന്നു ടി.പി. രാമകൃഷ്ണന്റെ ചോദ്യം.

ഉന്നത ഉദ്യോഗസ്ഥരുടെ ഫോൺ ചോർത്തിയെന്ന ആരോപണത്തിൽ പി.വി. അൻവറിനെതിരെ കേസെടുത്തത് അദ്ദേഹം നിയമവിരുദ്ധമായ കാര്യം ചെയ്തതിനാലാണ്. അതും സ്വമേധയാ എടുത്ത കേസല്ല. ഒരു വ്യക്തി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കേസെടുത്തിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സി ബി ഐ ചമഞ്ഞ് സൈബർ തട്ടിപ്പ്; പ്രമുഖ വ്യവസായിയും വർധ്മാൻ ഗ്രൂപ്പ് ഉടമയുമായ ഒസ്വാളിന് നഷ്ടമായത് ഏഴുകോടി



ലുധിയാന: സി.ബി.ഐ. ചമഞ്ഞ് പ്രമുഖ വ്യവസായി എസ്.പി. ഒസ്വാളിൽനിന്ന് സൈബർ തട്ടിപ്പിലൂടെ ഏഴു കോടി രൂപ കവർന്ന സംഭവത്തിൽ രണ്ടുപ്രതികൾ പിടിയിലായി. അസം ഗുവാഹാട്ടി സ്വദേശികളായ അട്ടാനു ചൗധരി, ആനന്ദ് കുമാർ എന്നിവരെയാണ് പഞ്ചാബ് സൈബർ സെൽ അറസ്റ്റ് ചെയ്തത്. ഇവരിൽനിന്ന് 5.25 കോടി രൂപ കണ്ടെടുത്തതായും കേസിലെ മറ്റുപ്രതികൾക്കായി അന്വേഷണം തുടരുകയാണെന്നും ലുധിയാന പോലീസ് കമ്മിഷണർ കുൽദീപ് സിങ് ചഹൽ മാധ്യമങ്ങളോട് പറഞ്ഞു.

വർധ്മാൻ ഗ്രൂപ്പിന്റെ ഉടമയും പ്രമുഖ വ്യവസായിയുമായ എസ്.പി. ഒസ്വാളിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്നാണ് തട്ടിപ്പുസംഘം ഏഴു കോടി രൂപയോളം കൈക്കലാക്കിയത്. സി.ബി.ഐ. ഉദ്യോഗസ്ഥനാണെന്ന് പറഞ്ഞ് സംഘത്തിലെ ഒരാൾ എസ്.പി. ഒസ്വാളിനെ ഫോണിലൂടെ ബന്ധപ്പെടുകയായിരുന്നു. തുടർന്ന് അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചതായും 'ഡിജിറ്റൽ അറസ്റ്റി'ലാക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പിന്നാലെ ഈ അക്കൗണ്ടുകളിൽനിന്ന് പ്രതികൾ പണം പിൻവലിക്കുകയായിരുന്നു.

സംഭവത്തിൽ എസ്.പി. ഒസ്വാൾ പരാതി നൽകി 48 മണിക്കൂറിനുള്ളിൽ തന്നെ പ്രതികളെ കണ്ടെത്താനായതായി പോലീസ് പറഞ്ഞു. അസം, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽനിന്നുള്ള ഒൻപതംഗ സംഘമാണ് സൈബർ തട്ടിപ്പിന് പിന്നിലെന്നാണ് പോലീസിന്റെ കണ്ടെത്തൽ. കേസിൽ വിശദമായ അന്വേഷണം തുടരുകയാണ്.

## നടൻ ബാലചന്ദ്രമേനോനെതിരേ ലൈംഗിക പീഡന പരാതിയുമായി നടി

കൊച്ചി: നടനും സംവിധായകനുമായ ബാലചന്ദ്രമേനോനെതിരേ ലൈംഗിക പീഡന പരാതി. ആലുവ സ്വദേശിനിയായ നടിയാണ് പരാതി നൽകിയത്. പ്രത്യേക അന്വേഷണ സംഘത്തിനാണ് പരാതി നൽകിയത്. പരാതി ഡി.ജി.പിക്കും കൈമാറിയിട്ടുണ്ട്.

ദേ ഇങ്ങോട്ട് നോക്കിയേ എന്ന സിനിമയുടെ ചിത്രീകരണത്തിനിടെ ലൈംഗികാതിക്രമം നടത്തിയെന്നാണ് പരാതി. ഷൂട്ടിങ് ലൊക്കേഷനിൽ വിളിച്ചുവരുത്തുകയും ശേഷം ഹോട്ടലിൽ വെച്ച് ലൈംഗികാതിക്രമം നടത്തിയെന്നുമാണ് പരാതിയിലുള്ളത്. ഭയം കാരണമാണ് ഇത്രയും നാൾ പറയാതിരുന്നതെന്ന് നടി പറയുന്നു. നടൻ മുകേഷിനെതിരേയും പരാതി നൽകിയിട്ടുള്ള നടിയാണ് ഇപ്പോൾ ബാലചന്ദ്രമേനോനെതിരേയും പരാതിയുമായി രംഗത്തെത്തിയിട്ടുള്ളത്.

നേരത്തേ സമൂഹ മാധ്യമങ്ങളിൽകൂടി അപകീർത്തിപ്പെടുത്തുന്നുവെന്ന് ചൂണ്ടിക്കാട്ടി ബാലചന്ദ്രമേനോൻ ലൈംഗികാരോപണം ഉന്നയിച്ച നടിക്കെതിരേയും നടിയുടെ അഭിഭാഷകനെതിരേയും ഡി.ജി.പിക്ക് പരാതി നൽകിയിരുന്നു.

## അൻവർ തീക്കൊള്ളി കൊണ്ട് തല ചൊറിയുന്നു; ഈ 'തുറുപ്പുചീട്ട്' ഉപയോഗിക്കുമെന്ന് പ്രതീക്ഷിച്ചു- ബാലൻ

ന്യൂഡൽഹി: പി.വി. അൻവർ എം.എൽ.എ. തീക്കൊള്ളി കൊണ്ട് തല ചൊറിയുന്നുവെന്ന് സി.പി.എം. നേതാവ് എ.കെ. ബാലൻ. 5നേരം നിസ്കരിക്കുന്നതിനാലാണ് അൻവറിനെതിരെ ആരോപണങ്ങളുണ്ടാകുന്നത് എന്നത് കള്ളപ്രചാരണം. ഈ തുറുപ്പുചീട്ട് അദ്ദേഹം ഉപയോഗിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

'മലപ്പുറം ജില്ലാ സെക്രട്ടറി ആർ.എസ്.എസ്സുകാരനാണ് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ അച്ഛൻ സർക്കസിലെ കോമാളിയാണെന്നുവരെ പറഞ്ഞു. നെഹ്റു താമസിച്ച ഒരു വീടിന്റെ പാരമ്പര്യമുള്ള പിതാവിന്റെ മകന് യോജിച്ചതാണോ ഈ പ്രയോഗം. അത് അദ്ദേഹം ഓർക്കണം. എന്താണ് അൻവറിന് സംഭവിച്ചതെന്ന് അറിയില്ല.

തന്നെ കള്ളനാക്കാൻ മുഖ്യമന്ത്രി ശ്രമിച്ചു എന്നാണ് ഇപ്പോൾ പറയുന്നത്. അൻവർ പറഞ്ഞ കാര്യങ്ങളിലെല്ലാം അന്വേഷണം പുരോഗമിക്കുകയാണ് എന്നതാണ് വസ്തുത. രണ്ട് ടീമുകൾ 4കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയാണ്. അതിന്റെ റിപ്പോർട്ട് ഉടൻ വരും. അപ്പോൾ, അദ്ദേഹത്തിന്റെ ആവശ്യം സമഗ്ര അന്വേഷണമല്ല.

അൻവറിന്റെ ആരോപണങ്ങൾക്ക് പിന്നിൽ ഗൂഢാലോചനയുണ്ട്. മലപ്പുറത്തെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ 43 ശതമാനമാണ് വോട്ടുവിഹിതം. മുസ്ലിം ജനതയിൽ നിന്നും വലിയ തള്ളിച്ച ഇടതുപക്ഷത്തിലേക്കുണ്ടായി. അതിനുള്ള പ്രധാനപ്പെട്ട മർമം പിണറായി വിജയന്റെ ഇടപെടലാണ്.

മുഖ്യമന്ത്രിയുടെ പ്രതിച്ഛായ മത ന്യൂനപക്ഷങ്ങൾക്കിടയിൽ തകർക്കാൻ അദ്ദേഹം ആർ.എസ്.എസിന്റെ ചാരനാണെന്ന പ്രചാരണം വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയതാണ്. ന്യൂനപക്ഷത്തിനൊപ്പം നിന്ന വ്യക്തിയാണ് പിണറായി. തലശ്ശേരി, മാറാട് കലാപങ്ങളിൽ അദ്ദേഹം കൃത്യമായ ഇടപെടൽ നടത്തി.

ഇടതുപക്ഷത്തിന്റെ ജനകീയ അടിത്തറ തകർക്കുകയെന്നത് യു.ഡി.എഫ് അജണ്ടയാണ്. ആ അജണ്ട നടപ്പിലാക്കാൻ കുറേ കാര്യങ്ങൾ കഴിഞ്ഞ 8വർഷമായി നടത്തുകയാണ്. അതിന്റെ അവസാനത്തെ ഉദാഹരണമാണ് ഇത്. ഇതുകൊണ്ട് ഇടതുപക്ഷത്തെയോ പിണറായിയെയോ തകർക്കാൻ കഴിയില്ല', എ.കെ. ബാലൻ പറഞ്ഞു.

## അറബിക്കടലിന് മുകളിൽ വിമാനങ്ങൾ നേർക്കുനേർ; കൂട്ടിയിടി ഒഴിവായത് തലനാരിഴയ്ക്ക്

ന്യൂഡൽഹി: ഖത്തർ എയർലൈൻസിന്റെയും ഇസ്രയേൽ വിമാനക്കമ്പനിയായ എൽ അല്ലിന്റെയും (EL AL) ബോയിങ് 777 വിമാനങ്ങൾ അപകടകരമാംവിധം നേർക്കുനേർ പറന്നതായി കണ്ടെത്തൽ. മാർച്ച് 24-ന് അറബിക്കടലിന് മുകളിൽ 35,000 അടി ഉയരത്തിലാണ് സംഭവമുണ്ടയത്. ഇന്ത്യയുടെ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എ.എ.ഐ.ബി) സംഭവത്തെക്കുറിച്ച് അന്വേഷണം തുടങ്ങി. 9.1 നോട്ടിക്കൽ മൈൽ അടുത്തുവരെ വിമാനങ്ങൾ എത്തിയെന്നാണ് പുറത്തുവരുന്ന വിവരം.

വിമാനങ്ങൾക്ക് ഏകദേശം ഒരു മിനിട്ടുകൊണ്ട് പറന്നെത്തുന്ന ഉയരമാണ് ഇതെന്ന് മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തു. ഇസ്രയേലിൽനിന്ന് ബാങ്കോക്കിലേക്ക് പോയ എൽ അൽ വിമാനവും ദോഹയിൽ നിന്ന് മാലിദ്വീപിലേക്ക് പറന്ന ഖത്തർ എയർവെയ്സ് വിമാനമാണ് മുഖാമുഖം പറന്നതെന്നാണ് പുറത്തുവരുന്ന വിവരം. ഗുരുതര സുരക്ഷാവീഴ്ചയാണ് സംഭവിച്ചതെന്നാണ് പ്രഥാമിക നിഗമനം.

അറബിക്കടലിന് മുകളിൽ വച്ചുണ്ടായ സംഭവത്തിൽ ഇന്ത്യൻ ഏജൻസികൾ അന്വേഷണം തുടങ്ങിയിട്ടുള്ളത്.

## ഡ്രൈ ഡേയും ഗാന്ധി ജയന്തിയും; അടുത്ത 2 ദിവസം മദ്യവിൽപ്പന ഇല്ല

തിരു: സംസ്ഥാനത്ത് ബെവ്കോയുടെ മദ്യവിൽപന ശാലകളും ബാറും വരുന്ന രണ്ടു ദിവസം തുറന്ന് പ്രവർത്തിക്കില്ല. എല്ലാ മാസവും ആദ്യത്തെ ദിവസം സാധാരണ ഡ്രൈ ഡേ ആചരിക്കുന്നതിന് വേണ്ടി ബെവ്കോ ഔട്ട്ലെറ്റുകളും ബാറും അടച്ചിടുകയാണ് പതിവ്. എന്നാൽ ഇത്തവണ ഒക്ടോബർ മാസമായതാണ് മദ്യപർക്ക് തിരിച്ചടി നൽകിയത്. ഒക്ടോബർ രണ്ട് ഗാന്ധി ജയന്തി ആയതിനാൽ അന്നേദിവസം മദ്യവിൽപന എല്ലാവർഷവും ഉണ്ടാകില്ല. ഡ്രൈഡേയും ഗാന്ധി ജയന്തിയും അടുത്തടുത്ത ദിവസങ്ങളിൽ ആയതിനാലാണ് ഒക്ടോബർ ഒന്നും രണ്ടും അവധി.

സ്റ്റോക്കെടുപ്പ് പ്രമാണിച്ച് ബെവ്കോ മദ്യവിൽപ്പന ശാലകൾ ഇന്ന് നേരത്തെ അടയ്ക്കുകയും ചെയ്യും. എന്നാൽ ബാറുകൾ ഇന്ന് രാത്രി 11 മണി വരെ പ്രവർത്തിക്കും. അതേസമയം മാസം അവസാനിക്കുന്നതിന് മുന്നെ പരോപകാര സന്ദേശങ്ങൾ സമൂഹമാധ്യമങ്ങളിലുണ്ട്. മദ്യം വാങ്ങാൻ ആഗ്രഹിക്കുന്നവർ നേരത്തേ വാങ്ങി വെക്കണമെന്ന സന്ദേശങ്ങളാണ് പ്രചരിക്കുന്നത്. രണ്ട് ദിവസം അടുപ്പിച്ച് അവധിയായതിനാൽ ഇന്ന് വലിയ തിരക്ക് അനുഭവപ്പെടാൻ സാധ്യതയുണ്ട്.

മാത്രമല്ല മുൻകൂട്ടി വാങ്ങി വെച്ച് കൂടിയ വിലയ്ക്ക് അത്യാവശ്യക്കാർക്ക് വിൽക്കാൻ വെയ്ക്കുന്ന പ്രവണതയും കൂടുതലാണ്. ഇതിന് തടയിടാൻ എക്സൈസ് വകുപ്പും പരിശോധനകളുമായിറങ്ങും. ഓണക്കാലത്തിനു ശേഷം ബെവ്കോ ഔട്ട്ലെറ്റുകൾക്ക് അടുപ്പിച്ച് അവധി ലഭിക്കുന്ന ദിവസങ്ങളാണ് വരുന്നത് എന്ന പ്രത്യേകതയുണ്ട്. ഒക്ടോബർ മാസത്തിൽ ഇനിയൊരു ബിവറേജസ് അവധി വരുന്നത് ദീപാവലിക്കാണ്. ഒക്ടോബർ 31നാണിത്. ഈ ദിവസത്തിനു പിന്നാലെ നവംബർ ഒന്നാംതീയതിയും ബിവറേജസ് അവധിയാണ്. അടുപ്പിച്ച് അവധി വരുന്ന ദിവസങ്ങളിൽ മദ്യം വാങ്ങാനെത്തുന്നവരുടെ തിരക്ക് കൂടുതലായിരിക്കും.

## നിര്യാതയായി
### ജമീല



ഇരിങ്ങാലക്കുട : നഗരസഭ എട്ടാം വാർഡ് മാടായിക്കോണം അച്യുതൻ നായർ മൂലചെമ്പോത്തും പറമ്പിൽ വീട്ടിൽ പരേതനായ മജീദ് ഭാര്യ ജമീല (79)അന്തരിച്ചു. മക്കൾ ഷക്കീല. ഷക്കീർ (സിപിഐഎം ലോക്കൽ കമ്മിറ്റി അംഗം) ഷബീർ.

മരുമക്കൾ അബ്ദുൽ ഖാദർ. അഡ്വ. കെ ആർ വിജയ (ജില്ലാ കമ്മിറ്റിയംഗം സിപിഐഎം) റസിയ. സംസ്കാരകർമ്മം 2024 സെപ്റ്റംബർ 24 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് ഇരിങ്ങാലക്കുട ജുമാ മസ്ജിദിൽ നടത്തപ്പെട്ടു.

# മലപ്പുറത്ത്നിന്ന് കോടികളുടെ സ്വർണവും ഹവാല പണവും പിടികൂടി, അതിന്റെ പ്രതികരണമാണ് കാണുന്നത്– പിണറായി



തിരു : സ്വർണക്കടത്തും ഹവാല പണവും കടത്തുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചു വർഷത്തിനിടെ പോലീസ് നടത്തിയ പരിശോധനയിൽ ഉണ്ടായ അസ്വാരസ്യങ്ങളാണ് സിപിഎം-ആർഎസ്എസ് ബന്ധമെന്ന ആരോപണത്തിന് പിന്നിലെ പ്രധാന പ്രേരകഘടകമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അഞ്ചു വർഷത്തിനിടെ മലപ്പുറത്ത് കോടികളുടെ സ്വർണവും ഹവാല പണവും പോലീസ് പിടികൂടിയെന്നും മുഖ്യമന്ത്രി പറഞ്ഞു. പോലീസിന് ആർഎസ്എസ് നയങ്ങളാണെന്ന ഇടത് എംഎൽഎ ആയിരുന്ന പി.വി.അൻവറിന്റെ ആരോപണങ്ങളുടെ പശ്ചാത്തലത്തിലാണ് മുഖ്യമന്ത്രിയുടെ പ്രതികരണം.

ദ ഹിന്ദു ദിനപത്രത്തിന്നൽകിയ അഭിമുഖത്തിലാണ് മുഖ്യമന്ത്രി സർക്കാരിനെതിരെയുള്ള ആരോപണങ്ങളെ പ്രതിരോധിച്ചത്. ഉന്നത പോലീസ് ഉദ്യോഗസ്ഥരും മുഖ്യമന്ത്രിയുടെ സ്റ്റാഫ് അംഗങ്ങളും ഉന്നത ആർഎസ്എസ് നേതാക്കളുമായി രഹസ്യമായി കൂടിക്കാഴ്ച നടത്തുന്നുണ്ടെന്ന ആരോപണത്തെ എങ്ങനെ കാണുന്നുവെന്ന ചോദ്യത്തോടായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

'ഇടതുപക്ഷം, പ്രത്യേകിച്ച് സിപിഎം എന്നും ആർഎസ്എസിനെയും മറ്റ് ഹിന്ദുത്വ ശക്തികളെയും ശക്തമായി എതിർത്തിട്ടുണ്ട്. ഞങ്ങളുടെ സഖാക്കളിൽ പലർക്കും അവർക്കെതിരെ നിലയുറപ്പിച്ചതിന്റെ പേരിൽ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ആർക്കും ഈ കള്ളക്കഥകൾ വിശ്വസിക്കാൻ കഴിയില്ല. ഇത്തരം ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്നതിന്റെ കാരണങ്ങൾ നാം മനസ്സിലാക്കണം. കേരളത്തിലെ ജനസംഖ്യയുടെ ഗണ്യമായ അനുപാതം ന്യൂനപക്ഷ സമുദായങ്ങളാണ്. ഏറെക്കാലമായി ഈ സമുദായങ്ങൾ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യുഡിഎഫിനൊപ്പമായിരുന്നു. എന്നാൽ അത് മാറി. ന്യൂനപക്ഷ വിഭാഗങ്ങൾ ഇപ്പോൾ എൽഡിഎഫിനെ പിന്തുണയ്ക്കുന്നു. ഇത് തിരഞ്ഞെടുപ്പിൽ തങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് നന്നായി അറിയാവുന്ന യുഡിഎഫ് ബോധപൂർവം ആശയക്കുഴപ്പം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്, ഞങ്ങൾ ആർഎസ്എസിനോട് മൃദുസമീപനം പുലർത്തുന്നു എന്ന വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്നു.

ഈ പ്രചാരണം രാഷ്ട്രീയ നേട്ടം മാത്രമാണ് ലക്ഷ്യമിടുന്നത്. വർഗീയ വിഭജനം പ്രോത്സാഹിപ്പിക്കുന്ന മറ്റ് തീവ്രവാദ ഘടകങ്ങളും ഇതിനിടയിൽ പ്രവർത്തിക്കുന്നുണ്ട്. ഞങ്ങളുടെ സർക്കാർ മുസ്ലിം തീവ്രവാദ ഘടകങ്ങൾക്കെതിരെ പ്രവർത്തിക്കുമ്പോൾ, ഞങ്ങൾ മുസ്ലിങ്ങൾക്കെതിരെയാണ് പ്രവർത്തിക്കുന്നതെന്ന് ഈ ശക്തികൾ ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്നു. ഉദാഹരണത്തിന്, മലപ്പുറം ജില്ലയിൽ നിന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാന പോലീസ് പിടികൂടിയത് 123 കോടി രൂപയുടെ 150 കിലോ സ്വർണവും ഹവാല പണവുമാണ്. 'രാജ്യവിരുദ്ധ'ത്തിനും 'ദേശവിരുദ്ധ' പ്രവർത്തനങ്ങൾക്കും ഈ പണം കേരളത്തിൽ എത്തുന്നു. നിങ്ങൾ പരാമർശിക്കുന്ന ആരോപണങ്ങൾ ഞങ്ങളുടെ സർക്കാരിന്റെ അത്തരം നടപടികളോടുള്ള പ്രതികരണമാണ്. അൻവറിനെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ അന്വേഷിക്കാൻ ഞങ്ങൾ ഇതിനകം ഒരു പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുണ്ട്' മുഖ്യമന്ത്രി പറഞ്ഞു.

മുഖ്യമന്ത്രി നേരത്തെ നടത്തിയ വാർത്താസമ്മേളനത്തിലും അൻവർ ഉയർത്തിയ ആരോപണങ്ങളിൽ സമാനമായ സ്വർണക്കടത്തിന്റെ കണക്കുകൾ അവതരിപ്പിച്ചിരുന്നു. സ്വർണക്കടത്തുകാരാണോ അൻവറിന്റെ പിന്നിലെന്ന് മാധ്യമങ്ങൾ ചോദിച്ചപ്പോൾ അത് നിഷേധിക്കാൻ മുഖ്യമന്ത്രി തയ്യാറായിരുന്നുമില്ല.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## ഇ വൈ ബിൽ നടപ്പാക്കരുത്

തൃശൂർ: സ്വർണ്ണവ്യാപാര മേഖലയിലെ ഇ വൈ ബിൽ രീതി നടപ്പാക്കരുതെന്ന് കേരള ഗോൾഡ് ആന്റ് സിൽവർ ഡീലേഴ്സ് അസോസിയേഷൻ തൃശൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ജ്വല്ലറി മെഷ്യനറി വ്യവസായരംഗത്തെ പ്രമുഖ വ്യക്തികളെ ആദരിച്ചു. ഖയാത്ത് റീജയൻസിയിലായിരുന്നു സമ്മേളനം. പ്രമുഖ വ്യക്തികൾ പങ്കെടുത്തു.

## എം കെ ആർ 'കർമ്മ' അവാർഡ്

തൃശൂർ: കോട്ടയ്ക്കൽ എം കെ ആർ ഫൗണ്ടേഷൻ 'കർമ്മ' അവാർഡ് സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന ഡബ്ല്യു സി സി സംഘടനയ്ക്ക് നൽകും. എം കെ ആർ ഫൗണ്ടേഷൻ ചെയർമാൻ അച്ചു ഉള്ളാട്ടിൽ ജൂറി ചെയർമാൻ എം ടി വാസുദേവൻ നായർ, സാറാജോസഫ്, ഡോ. മുരളി (കോട്ടയ്ക്കൽ ആര്യവൈദ്യശാല) ഷീബ അമീർ, ഡോ. ബാലചന്ദ്രൻ (കോട്ടക്കൽ ആര്യവൈദ്യശാല) എന്നിവരായിരുന്നു ജൂറി. മുൻവർഷങ്ങളിൽ ഈ അവാർഡ് സ്വീകരിച്ചവർ ആയുർവേദാചാര്യൻ പി കെ വാരിയൽ, മെട്രോമാൻ ഇ ശ്രീധരൻ, പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്നിൽ, കെ പി ശൈലജ ടീച്ചർ (ആരോഗ്യമന്ത്രി), ഷീബ അമീർ (തൃശൂർ), ദയാബായി, ഗീത വാഴച്ചാൽ, ദിനു വെയ്ടൽ എന്നിവരാണ്.

## വിശ്വഹൃദയ ദിനാചരണം

തൃശൂർ: തൃശൂരിലെ കാർഡിയാക് ക്ലബിന്റെ ആഭിമുഖ്യത്തിൽ വിശ്വ ഹൃദയ ദിനാചരണം വിപുലമായി നടത്തി. ദിനാചരണത്തിന്റെ മുദ്രാവാക്യം 'യൂസ് പാർട്ട് ഫോർ ആക്ഷൻ' എന്നായിരുന്നു. ഹൃദയാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക എന്നതാണ് ലക്ഷ്യം.

ദിനാചരണം വാക്ത്തോണോടെ തുടങ്ങി. തെക്കേ ഗോപുരനടയിൽ തൃശൂർ ഐ എം എ പ്രസിഡണ്ടായ ഡോ. ജോസഫ് ജോർജ്ജ് ഫ്ളാഗ് ഓഫ് നിർവ്വഹിച്ചു. 125 പേർക്കായി സൗജന്യ കാർഡിയോളജി ക്യാമ്പും നടത്തി.

തൃശൂർ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ദിനാഘോഷം ഉദ്ഘാടനം ജവഹർ ബാലഭവനിൽ നിർവ്വഹിച്ചു. പ്രശസ്ത കാർഡിയോളജിസ്റ്റുകളുടെ നേതൃത്വത്തിൽ ഹൃദയാരോഗ്യ ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു.

## കുടുംബ സർവ്വേ അഴിമതി

തൃശൂർ:കേരള സർക്കാർ നടത്തിയ പട്ടികജാതി കുടുംബ സർവ്വെയുടെ മറവിൽ നടന്ന അഴിമതി അന്വേഷിക്കണമെന്ന്. ഭാരതീയ ദളിത് കോൺഗ്രസ് (ഐ) സംസ്ഥാന പ്രസിഡണ്ട് എം കെ ശശിയാണ് ആവശ്യം ഉന്നയിച്ചത്.

സർവ്വേക്കായി 2019-20 സാമ്പത്തിക വർഷം മുതൽ ലക്ഷക്കണക്കിന് രൂപ അനുവദിച്ചു. പട്ടിക വിഭാഗം വകുപ്പിലെ എസ് സി പ്രമോട്ടർമാരെയാണ് സർവ്വെക്ക് ചുമതലപ്പെടുത്തിയത്. അവസാനം 2024 ജനുവരിയിൽ 1, 16, 61,000 രൂപയും അനുവദിച്ചു. എന്നിട്ടും സർവ്വേ നടന്നിട്ടില്ല. തിരുവനന്തപുരത്തെ സി പി എം അനുഭാവ സംഘടനക്കായിരുന്നു പദ്ധതി നിർവ്വഹണം. സമഗ്ര അന്വേഷണവും നടപടിയും ഉണ്ടായില്ലെങ്കിൽ സമരം നടത്തുമെന്ന് ദളിത് കോൺഗ്രസ് മുന്നറിയിപ്പ് നൽകി.

## എം എസ് ധോണി ശേഖരവുമായി മെൻ ഓഫ് പ്ലാറ്റിനം

കൊച്ചി : വൈവിധ്യമാർന്നതും സ്റ്റൈലിഷുമായ പുതിയ എം എസ് ധോണി ശേഖരവുമായി മെൻ ഓഫ് പ്ലാറ്റിനം കളക്ഷൻ. പ്ലാറ്റിനം ചെയിനുകൾ,കൈത്തണ്ടയിൽ അണിയുന്നവ, കഴുത്തിൽ അണിയുന്നവ, മോതിരങ്ങൾ എന്നിവ ഉൾപ്പെടെ വിപുലമായ ഡിസൈനുകൾ വാഗ്ദാനം ചെയ്യുന്നു

## കേരള സുന്നീ ജമാഅത്ത് മീലാദ് സമ്മേളനം നടത്തി



തൊഴിയൂർ: 'ഉത്തമ ഗുരു' എന്ന ശീർഷകത്തിൽ കേരള സുന്നീ ജമാഅത്ത് സംസ്ഥാനവ്യാപകമായി നടത്തിവരുന്ന മീലാദ് കാംപെയ്നിന്റെ ഭാഗമായി ചാവക്കാട് മേഖലാ കമ്മിറ്റി ബഹുജന സമ്മേളനം നടത്തി.

തൊഴിയൂരിൽ നടന്ന സമ്മേളനം പാണക്കാട് സയ്യിദ് അബ്ദുൽ ഖയ്യൂം ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. ഡോ: കെ വി സൈദ് മുഹമ്മദ് ഹാജി തൊഴിയൂർ അധ്യക്ഷത വഹിച്ച പരിപാടിയിൽ മൗലവി അശ്റഫ് ബാഖവി എം.ഡി ഒടിയപാറ പ്രമേയ പ്രഭാഷണം നടത്തി. പാലേമാവ് മഹല്ല് ഖത്വീബ് എം. മുഹിയുദ്ധീൻ ദാരിമി മൗലിദിന് നേതൃത്വം നൽകി. സമ്മേളനത്തിന്റെ ഭാഗമായി നടന്ന ആദരം പരിപാടിയിൽ 35 വർഷമായി മുഅല്ലിം സേവനത്തിൽ തുടരുന്ന ഉസ്താദ് അബ്ദുന്നാസിർ മുസ്ലിയാർ, 70 വയസ്സ് പിന്നിട്ട ഒലക്കയൂർ മുഹമ്മദ് സാഹിബ്, എ.പി മുഹമ്മദ് ഹാജി തുടങ്ങിയവരെ ആദരിച്ചു. സയ്യിദ് ഹസൻ ജിഫ്രി മൂന്നിയൂർ ശാള ണിയിച്ചു ആദരവ് നിർവ്വഹിച്ചു. സ്വദഖത്തുല്ല മൗലവി കാടാമ്പുഴ ആമുഖഭാഷണം നടത്തി. സമ്മേളനത്തിൽ ഫൈസൽ പൊട്ടത്തിയിൽ (മുനിസിപ്പൽ കൗൺസിലർ),ഇ.എ മുഹമ്മദുണ്ണി മാസ്റ്റർ തൊഴിയൂർ, ഹകീം വെളിയത്ത് തുടങ്ങിയവർ ആശംസയർപ്പിച്ച് സംസാരിച്ചു. ഖമറുദ്ദീൻ വഹബി ചെറുതുരുത്തി സ്വാഗതവും ജലീൽ വഹബി അണ്ടത്തോട് നന്ദിയും നിർവഹിച്ചു.



തൃപ്രയാർ : മയൂർ ഭദ്രകാളി, ദുർഗാ ഭഗവതി കരിം കുട്ടി സ്വാമി ക്ഷേത്രത്തിൽ നാഗങ്ങൾക്ക് കന്നി മാസത്തിലെ ആയില്ല പൂജ നടത്തി. പൂജാ കർമ്മങ്ങൾക്ക് ക്ഷേത്രം മേൽശാന്തി സനീഷ് ജഗന്നിവാസ് കാർമികത്വം വഹിച്ചു. സുൻസിൻ ശാന്തി, മയൂർ പ്രസന്നൻ, വേലായുധൻ മയൂർ, സിദ്ധൻ മയൂർ, വത്സല മയൂർ കൃഷ്ണൻകുട്ടി മയൂർ എന്നിവർ നേതൃത്വം നൽകി.

## സെന്റ് ജോസഫ്സ് കോളജിന് ഇനി സ്വന്തം പെർഫ്യൂം ബ്രാൻഡ് – പകിട്ടോടെ സ്റ്റാർട്ട് അപ് ബസാർ

ഇരിങ്ങാലക്കുട: ക്യാംപസ് വൈബിൽ തിളങ്ങി നടക്കാൻ മാത്രമല്ല, നൂതനാശയങ്ങൾ കൊണ്ട് അമ്പരപ്പിക്കാനുമറിയാം ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജിലെ പെൺകുട്ടികൾക്ക്. കോളജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന സ്റ്റാർട്ട് അപ് ബസാറിൽ പ്രകൃതി ദുരന്തങ്ങൾ മുൻ കൂട്ടി അറിയിക്കാനുള്ള ആപ് ഡിസൈനിംഗ്, ഫ്രീയായി വിവിധ വിഷയങ്ങളിൽ ട്യൂഷൻ നൽകാൻ പറ്റുന്ന പ്ലാറ്റ്ഫോം, തൃശൂരിലെ കുഞ്ഞു ചായക്കടകൾ അടക്കം ഉൾപ്പെടുത്തുന്ന ഫുഡ് ആപ്പ്, പുതിയ സുഗന്ധ കൂട്ടുമായെത്തുന്ന പെർഫ്യൂം, ക്രാഫ്റ്റ് വർക്ക് തുടങ്ങി നിരവധി സംരംഭക സാദ്ധ്യതകളാണ് വിദ്യാർത്ഥിനികൾ മുന്നോട്ടുവച്ചത്.



പഠനത്തോടൊപ്പം സംരഭക സാദ്ധ്യതയും ലക്ഷ്യമിട്ട് സെന്റ്. ജോസഫ്സ് കോളജും മാസ്റ്ററിഗ് കാംപസ് കരിയേഴ്സ് -സക്സസ് ഫ്യൂഷൻ ട്രെയിനിംഗ് കമ്പനിയും സംയുക്തമായി ഒരുക്കിയ പരിപാടി ഡവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റെജിക് കൗൺസിൽ (ഗഉകടഇ) സോണൽ മാനേജർ ശ്രീ കിരൺ ദേവ് എം ഉദ്ഘാടനം ചെയ്തു. (ഗഉകടഇ) തൃശൂർ പ്രോഗ്രാം ഓഫീസർ ആ തിര നാരായണൻ,കോളജ് പ്രിൻസിപ്പൽ ഡോ. സി. ബ്ലെസി ,ഡോ. സി. റോസ് ബാസ്റ്റിൻ, അഭിജിത് യു.വി (ഡയറക്ടർ, മാസ്റ്ററിംഗ് ക്യാമ്പസ് കരിയേഴ്സ്)എന്നിവർ സംസാരിച്ചു. സക്സസ് ഫ്യൂഷൻ കോളജ് കോർഡിനേറ്റർ ശ്രീമതി നിവിത പോൾ പരിപാടികൾക്കു നേതൃത്വം നൽകി. രാവിലെ 10 മുതൽ വൈകിട്ടു 4 വരെ തുറന്ന സ്റ്റാർട്ട് അപ് ബസാറിൽ 'റാണി' എന്ന പേരിൽ മൂന്നു വ്യത്യസ്ത സുഗന്ധങ്ങളിൽ പരിചയപ്പെടുത്തിയ പെർഫ്യൂം ബസാറിന്റെ മുഖ്യ ആകർഷണമായി. കോളജ് മ്യൂസിക് ബാന്റ് , ഡാൻസ് ബാന്റ് എന്നിവയുടെ നേതൃത്വത്തിൽ വിവിധ പരിപാടികളും ബസാറിൽ ഉൾപ്പെടുത്തിയിരുന്നു. വിദ്യാർത്ഥിനികൾ ഒരുക്കിയ നാടൻ വിഭവങ്ങൾ, വിവിധയിനം കേക്കുകൾ, പേസ്ട്രിസ് , മധുരപലഹാരങ്ങൾ എന്നിവയുടെ വിൽപനയും ബസാറിൽ തകൃതിയായി നടന്നു. കളർ സ്നാപ് എന്ന ഫേസ്പെയിന്റിംഗ് പ്രൊജക്ട്, മുഖച്ഛമയ പരിചയം, ഫാഷൻ ഡിസൈനിംഗ് പരിചയം തുടങ്ങിയവയും പരിപാടിയുടെ ആകർഷണങ്ങളായി.

## തൃശൂർ മൊത്തവ്യാപാര സഹകരണ സ്റ്റോർ വാർഷികം



തൃശൂർ: തൃശൂർ മൊത്ത വ്യാപാര സഹകരണ സ്റ്റോർ വാർഷികം ജില്ല സഹകരണ ബാങ്ക് മുൻ പ്രസിഡണ്ട് എം.കെ അബ്ദുൾ സലാം ഉദ്ഘാടനം ചെയ്തു. സ്റ്റോർ പ്രസിഡണ്ട് സി.എ ശങ്കരൻ കുട്ടി അദ്ധ്യക്ഷത വഹിച്ചു.മാനേജിംഗ് ഡയറക്ടർ എ.ടി സ്റ്റയ്ൻസ് ജില്ല സഹകരണ ആശുപത്രി പ്രസിഡണ്ട് ടി.കെ പൊറിഞ്ചു കെബി ജയറാം സി മുരാരി കെ. ആർ ഗിരിജൻ വിൻസന്റ് കാട്ടുകാരൻ, ബൈജു വർഗ്ഗീസ്, കെ എസ് ജോർജ്ജ്, പി.ടി സണ്ണി, സി.കെ വിനോദ്, ഹെമി മത്തായി, അംബിക ഉസ്മാൻ, ഉഷ രാധാകൃഷ്ണൻ, മിനി ജോസ് കെ.ആർ രാമായനന്ദൻ എന്നിവർ പ്രസംഗിച്ചു.

## പാസ്പോർട്ട് നഷ്ടപ്പെട്ടു

എന്റെ പേരിലുള്ള H0619036 നമ്പർ പാസ്പോർട്ട് (കൊച്ചിയിൽ ഇഷ്യു ചെയ്തത്) ചാലക്കുടിയിൽനിന്നും കൊടകരക്കുള്ള യാത്രാമദ്ധ്യേ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ താഴെ വിലാസത്തിൽ എന്നെയോ കൊടകര പോലീസ് സ്റ്റേഷനിലോ അറിയിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്,
CHARLEY VAZHAKKALY CHANDRAN
S/o Chandran, Vazhakkaly House,
Kodakara, Manakulangara P.O.
Thrissur, Kerala-680684
Phone: 7561079857

## വജ്രജൂബിലി നിറവിൽ കെഎസ്ഇ ലിമിറ്റഡ്




ഇരിങ്ങാലക്കുട: വ്യാവസായികരംഗത്ത് വലിയ മാറ്റം സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞതായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു. ഇരിങ്ങാലക്കുട കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കെഎസ്ഇ ലിമിറ്റഡിന്റെ ഡയമണ്ട് ജൂബിലി ആഘോഷം ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മികച്ച വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്ത് എത്തിയതോടെ സംസ്ഥാനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ മാറ്റം വന്ന് കഴിഞ്ഞു. ഒട്ടേറെ പേർക്ക് തൊഴിലും ജീവിതവും നൽകുന്നതോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിന് കെഎസ്ഇ ലിമിറ്റഡ് കമ്പനി നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു. കെഎസ്ഇ അങ്കണത്തിൽ നടന്ന ചടങ്ങിൽ കമ്പനി ചെയർമാൻ ടോം ജോസ് ഐഎഎസ് (റിട്ട) അധ്യക്ഷത വഹിച്ചു. പ്രമോട്ടർ ഡയറക്ടർ അഡ്വ എ പി ജോർജ്ജ്, ആദ്യകാല ജീവനക്കാരൻ ആന്റു എന്നിവരെ ചടങ്ങിൽ ആദരിച്ചു.

വാർഡ് മെമ്പർ സോണിയ ഗിരി, വിവിധ യൂണിയൻ പ്രതിനിധികളായ വി എ മനോജ് കുമാർ, സോമൻ ചിറ്റേത്ത് , പി ഗോപിനാഥ്, കോക്കനട്ട് ഓയിൽ ആന്റ് കൊപ്ര പ്രൊഡ്യൂസേഴ്സ് സൊസൈറ്റി പ്രസിഡണ്ട് പി സതീശൻ, കമ്പനി അസി. ജനറൽ മാനേജർ അജോയ് ആന്റോ ബേബി എന്നിവർ ആശംസകൾ നേർന്നു. കെഎസ്ഇ മാനേജിംഗ് ഡയറക്ടർ എം പി ജാക്സൺ സ്വാഗതവും ജനറൽ മാനേജർ അനിൽ എം നന്ദിയും പറഞ്ഞു.

## രക്തം ദാനം ചെയ്തും വ്യായാമം ശീലമാക്കിയും ഹൃദയത്തെ സംരക്ഷിക്കും എന്ന് പ്രതിജ്ഞയെടുത്ത് യുവജനങ്ങൾ



തൃശ്ശൂർ : ലോക ഹൃദയ ദിനാചരണത്തിന്റെ ഭാഗമായി തൃശ്ശൂർ അതിരൂപത മതബോധന കേന്ദ്രത്തിൽ സംഘടിപ്പിച്ച ഹൃദയ ദിനാചരണം

സെമിനാർ, ഹൃദയസംരക്ഷണ പ്രതിജ്ഞ, മധുര നെല്ലിക്ക വിതരണം തുടങ്ങിയ വൈവിധ്യമാർന പരിപാടി കളോടാഘോഷിച്ചു. ഹൃദയദിനാചരണം തൃശ്ശൂർ അതിരൂപത മതബോധന കേന്ദ്രം ഡയറക്ടർ ഫാദർ ഡോക്ടർ ഫ്രാൻസിസ് ആളൂർ ഉദ്ഘാടനം ചെയ്തു .

24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻ.സി.സി ഓഫീസർ മേജർ പി ജെ സ്റ്റൈജു ഹൃദയ സംരക്ഷണ പ്രതിജ്ഞക്കും സെമിനാറിനും നേതൃത്വം നൽകി.

പിറന്നാൾ ആഘോഷങ്ങൾ രക്തം ദാനം ചെയ്തും , ഹൃദയ വ്യായാമത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചും, ഹൃദയത്തിന് ആവശ്യമായ പച്ചക്കറികളും ഇലക്കറികളും ഭക്ഷണത്തിൽ ഉൾപെടുത്തിയും ഹൃദയത്തെ സംരക്ഷിക്കുമെന്ന് യുവജനങ്ങൾ പ്രതിജ്ഞയെടുത്തു.

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ യുവജനങ്ങളാണ് വേറിട്ട പ്രതിജ്ഞയെടുത്ത് മാതൃകയായത് . ജീവിതശൈലി രോഗങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്ന വ്യായാമ കുറവ് പരിഹരിക്കാൻ കലാലയങ്ങളിലും, പഞ്ചായത്തുകളിലും

വ്യായാമ ക്ലബ്ബുകൾ രൂപീകരിക്കാൻ വിദ്യാർത്ഥികൾ മുന്നിട്ടറങ്ങണമെന്നും യോഗത്തിൽ തീരുമാനമായി. വിദ്യാർഥികളായ ഡെല്ല , സാനിയോ എന്നിവർ നേതൃത്വം നല്കി. മേജർ പി.ജെ. സ്റ്റൈജു പ്രതിജ്ഞ ചൊല്ലി കൊടുത്തു. പ്രതിജ്ഞക്ക് ശേഷം വിദ്യാർത്ഥികൾക്ക് മധുരനെല്ലിക്ക വിതരണം ചെയ്തതും കുട്ടികൾ ആവേശത്തോടെ നെല്ലിക്ക കഴിച്ചതും ഹൃദയ ദിനാചാരണത്തിൽ വേറിട്ട അനുഭവമായി.

## മുതിർന്ന മാധ്യമ പ്രവർത്തകർ ജനകീയ വിഷയങ്ങളിൽ സജീവമാകണം: മന്ത്രി കെ.കൃഷ്ണൻകുട്ടി




പാലക്കാട്: മുതിർന്ന മാധ്യമ പ്രവർത്തകർ ജനകീയ വിഷയങ്ങളിലും പ്രശ്നങ്ങളിലും സജീവമായി ഇടപെടണമെന്ന് വൈദ്യുതി വകുപ്പു മന്ത്രി കെ.കൃഷ്ണൻകുട്ടി. സീനിയർ ജേർണലിസ്റ്റ്സ് ഫോറം - കേരള പാലക്കാട് ജില്ലാ സമ്മേളനവും കുടുംബ സംഗമവും ടോപ് ഇൻ ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രായം ചെന്ന ധാരാളം പേർ പലവിധത്തിലുള്ള ദുരിതവും പ്രശ്നങ്ങളും അനുഭവിക്കുന്നുണ്ട്. മുതിർന്ന മാധ്യമ പ്രവർത്തകർ അവരുടെ അറിവും അനുഭവസമ്പത്തും ഇവരുടെ ദുരിത നിവാരണത്തിന് ക്രിയാത്മകമായി ഉപയോഗപ്പെടുത്തണം. ഈ ദിശയിൽ മാധ്യമ പ്രവർത്തകർക്ക് വളരെയേറെ സംഭാവനകളർപ്പിക്കാനാവുമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

ഫോറം ജില്ലാ പ്രസിഡണ്ട് ടി.വി.ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ചു.പാലക്കാട് പ്രസ് ക്ലബ് പ്രസിഡണ്ട് നോബിൾ ജോസ്, ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.വിജയകുമാർ, സെക്രട്ടറി ഹസ്സൻകോയ എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി പട്ടത്താനം ശ്രീകണ്ഠൻ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും സമ്മേളനം അംഗീകരിച്ചു.

പി.സി.സെബാസ്റ്റ്യൻ, ടി.കെ.കേശവൻ, പി.കെ.സുരേന്ദ്രൻ, പി.പി.നാരായണൻകുട്ടി ,പി.എം.വിജയ ഗോപൻ, കെ.വി. പൃഥ്വി നാഥൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ആശ്രിത പെൻഷൻ നിലവിലുള്ള പെൻഷന്റെ പകുതിയായി വർധിപ്പിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

സംസ്ഥാന കമ്മിറ്റി വിഹിതം ഹസ്സൻകോയ ഏറ്റുവാങ്ങി.പന്ത്രണ്ട് വർഷം തുടർച്ചയായി ഫോറം ജില്ലാ സെക്രട്ടറി പദം വഹിച്ച് സ്ഥാനമൊഴിയുന്ന പട്ടത്താനം ശ്രീകണ്ഠനെ പൊന്നാടയണിയിച്ച് ആദരിച്ചു.

പുതിയ ഭാരവാഹികളായി ടി.വി.ചന്ദ്രശേഖരൻ (പ്രസി), പി.സി.സെബാസ്റ്റ്യൻ (വൈ.പ്രസി), പി .പി .നാരായണൻകുട്ടി (ജന. സെക്ര), പി.കെ.സുരേന്ദ്രൻ (ജോ. സെക്ര), പി.എം.വി ജയഗോപൻ (ട്രഷറർ), ടി.കെ.കേശവൻ, കെ.വി. പൃഥ്വിനാഥൻ, എ.സുബ്രഹ്മണ്യൻ (എക്സി.അംഗങ്ങൾ) ,പട്ടത്താനം ശ്രീകണ്ഠൻ (സംസ്ഥാന കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു.

## ട്രെയിനിൽ നിന്ന് വീണ് മരിച്ചു

പുതുക്കാട്: ആലുവ സ്വദേശി പുഞ്ചക്കര വീട്ടിൽ വേലായുധൻ മകൻ അഭിജിത്ത് (30) പുതുക്കാട് റെയിൽവേ സ്റ്റേഷനു സമീപം ട്രെയിനിൽ നിന്ന് വീണ് മരിച്ചു. ഭാര്യയും ഒരു മകളുമുണ്ട്. പുതുക്കാട് പോലീസ് മേൽനടപടികൾ സ്വീകരിച്ചു.

## കെ.വി. ചന്ദ്രൻ അനുസ്മരണം – ആയുർവ്വേദ ക്യാമ്പ് രജിസ്ട്രേഷൻ

ഇരിഞ്ഞാലക്കുട : ഒക്ടോബർ 4 ന് കെ.വി. ചന്ദ്രൻ അനുസ്മരണത്തോടനുബന്ധിച്ച് നടത്തുന്ന ആയൂർവ്വേദ മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഒക്ടോബർ 2 ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണമെന്ന് അനുസ്മരണ സമിതി ചെയർ പേഴ്സൺ സോണിയ ഗിരിയും, വൈസ് ചെയർമാൻ യു.പ്രദീപ് മേനോനും അറിയിച്ചു.
9447518774 / 9447442398

## കോടതി പരസ്യം

### ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 2458/2023

ഫർസാന, 23 വയസ് D/o ഹനീഫ പുതുവീട്ടിൽ അറക്കൽ ഹൗസ്, ബ്രഹ്മകുളം പി ഒ., തൈക്കാട് വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ-680104

-ഹരജിക്കാരി

ബാദുഷ ആർ എൻ., 30 വയസ്, S/o നാസർ, രായംമരക്കാർ ഹൗസ്, എടപ്പുള്ളി, പാലയൂർ, ചാവക്കാട് പി ഒ., ഗുരുവായൂർ വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ-680506 ഇപ്പോൾ താമസം ബാദുഷ ആർ എൻ, C/o അബ്ബാസ്, പണിക്കവീട്ടിൽ ഹൗസ്, സൗത്ത് പാലയൂർ പി ഒ., ഗുരുവായൂർ വില്ലേജ്. ചാവക്കാട് താലൂക്ക്, തൃശൂർ-680506

-എതൃകക്ഷി

മേൽ നമ്പറിൽ ഹരജിക്കാരി എതൃകക്ഷിയിൽ നിന്നും വിവാഹമോചനം ആവശ്യപ്പെട്ട് ഹരജി ബോധിപ്പിച്ചിട്ടുള്ളതാണ്. ആയതിൽ എതൃകക്ഷി മനഃപൂർവ്വം സമൻസ് കൈപ്പറ്റാതെ നിരസിച്ചുകൊണ്ടിരിക്കുകയാൽ ബഹു. കോടതി കൽപനപ്രകാരം പത്രപരസ്യത്തിലൂടെ സമൻസ് നടത്താൻ ഉത്തരവായിട്ടുള്ളതാണ്. മേൽ നമ്പർ ഹരജി **04-10-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ ടി തിയ്യതി രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പർ ഹരജി തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 28-09-2024
ഹരജിഭാഗം അഡ്വക്കേറ്റ്
**ഇക്ബാൽ എ മുഹമ്മദ്** (ഒപ്പ്)

## ഹരിത സേനാംഗങ്ങൾക്ക് നാടിന്റെ ആദരം



ആനന്ദപുരം: റൂറൽ ബാങ്കിന്റെ നേതൃത്വത്തിൽ മുരിയാട് പഞ്ചായത്തിലെ ഹരിത സേനാംഗങ്ങളെ ആദരിച്ചു. ആദരണ സമ്മേളനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോമി ജോൺ അധ്യക്ഷത വഹിച്ചു.

പഞ്ചായത്തംഗം നിജി വത്സൻ, ഐ.ആർ. ജെയിംസ്, എം.എൻ.രമേശ്, കെ.കെ.ചന്ദ്രശേഖരൻ, എൻ,കെ,രാധാകൃഷ്ണൻ, പി.സി. ഭരതൻ, സെക്രട്ടറി കാഞ്ചന നന്ദനൻ പ്രസംഗിച്ചു.

## വാർത്താച്ചുരുക്കം

* തൃശൂർ: ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ തൃശൂർ ജില്ലാ ഫോട്ടോഗ്രാഫി & വീഡിയോഗ്രാഫി നേചർ ക്ലബ് 9 വർഷങ്ങളായി നടത്തിവരാറുള്ള ത്രിനേത്ര ഫോട്ടോഗ്രാഫി പ്രദർശനം 10-ാമത് വർഷത്തിലേക്ക് എത്തി. ക്ലബിലെ 38 അംഗങ്ങളുടെ തെരഞ്ഞെടുത്ത 38 ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ത്രിനേത്ര ഫോട്ടോഗ്രാഫി പ്രദർശനം തുടങ്ങി. ഒക്ടോ. 2വരെ കേരള ലളിത കലാ അക്കാദമി ചിത്രശാലാ ആർട്ട് ഗാലറിയിൽ ജില്ലാ സംസ്ഥാന നേതാക്കൾ പങ്കെടുക്കുന്ന ചടങ്ങിൽ എ കെ പി എ തൃശൂർ ജില്ലാ പ്രസിഡണ്ട് അനിൽ തുമ്പയിലിന്റെ അധ്യക്ഷതയിൽ ഗ്രീഷ്മ ചന്ദ്രൻ (മികച്ച സ്വഭാവ നടി കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്) ഉദ്ഘാടനം നിർവ്വഹിച്ചു
* തൃശൂർ: പാറമേക്കാവ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലെ മനഃശാസ്ത്ര വിഭാഗം മൈൻഡ് ക്രാഫ്റ്റ് സംയുക്തമായി ഇമേഷണൽ ഇന്റലിജന്റ്സ് എന്ന വിഷയത്തിൽ ദ്വിദിന അന്തർദേശീയ സെമിനാർ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തി. അമേരിക്കൻ "EQ4 Peace' എന്ന ഓർഗനൈസേഷന്റെ കോ-ഫൗണ്ടർ ആന്റ് ഡയറക്ടർ ആയ പ്രൊ. മാറ്റ് പേൾസെറ്റയ്ൻ മുഖ്യാതിഥിയായി. പ്രബന്ധാവതരണങ്ങളും ഉണ്ടായി.
* തൃശൂർ: പിഷാരോടി സമാജത്തിന്റെ വാർത്താ മാസിക തുളസീദളം ഏർപ്പെടുത്തിയ കെ പി നാരായണ പിഷാരോടി സാഹിത്യ പുരസ്കാരത്തിന് സാഹിത്യകാരൻ സി രാധാകൃഷ്ണൻ അർഹനായി. 11111 രൂപയും കീർത്തിപത്രവും ഫലകവുമാണ് പുരസ്കാരം. ഹോട്ടൽ എലൈറ്റ് ഇന്റർനാഷണലിൽ നടന്ന ചടങ്ങ് എഴുത്തച്ഛൻ പുരസ്കാര ജേതാവും സാഹിത്യകാരനുമായ ഡോ എസ് കെ വസന്തൻ ഉദ്ഘാടനം ചെയ്തു. എം പി സുരേന്ദ്രൻ പ്രഭാഷണം നടത്തി. തുളസിദളം സർഗ്ഗ പ്രതിഭ പുരസ്കാരം കവി രമ പിഷാരോടിക്കും നവമുകുളം പുരസ്കാരം വിഷ്ണുദത്തിനും സമ്മാനിച്ചു. പിഷാരോടി സമാജം എഡ്യുക്കേഷണൽ & വെൽഫെയർ സൊസൈറ്റിയുടെ വിദ്യാഭ്യാസ പുരസ്കാരങ്ങളും സ്കോളർഷിപ്പുകളും പത്മശ്രീ മട്ടന്നൂർ ശങ്കരൻ കുട്ടിമാരാർ വിതരണം ചെയ്തു.

## ഭർതൃവീട്ടിൽ കൊടിയ മർദ്ദനം – ഭർതൃവീട്ടുകാരോട് യുവതിയെ വീട്ടിൽ നിന്നിറക്കി വിടരുതെന്നു കോടതി ഉത്തരവ്

ചാവക്കാട് : യുവതിയെ ഭർതൃവീട്ടിൽ നിന്നും പുറത്താക്കരുതെന്നും ഭർതൃവീട്ടുകാരുടെ വഹകളും മറ്റും കൈമാറ്റം ചെയ്യരുതെന്നും ചാവക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് ശാരിക സത്യൻ. വി. ഉത്തരവിട്ടു. കൂടാതെ ഭർതൃസഹോദരൻ പണയം വെച്ച യുവതിയുടെ സ്വർണാഭരണങ്ങൾ ഭർതൃവീട്ടുകാർക്ക് തിരിച്ചു നൽകുകയോ ലേലത്തിനു വെക്കുകയോ മറ്റോ ചെയ്യരുതെന്നും പണയം എടുത്ത സ്വകാര്യ സ്ഥാപനത്തിനോടും കോടതി ഉത്തരവിട്ടു.

ചാവക്കാട് പോക്കാക്കില്ലത്ത് വീട്ടിൽ ഷഹന ഗാർഹിക പീഡനനിയമ പ്രകാരം ഭർത്താവായ ചാഴൂർ കുളങ്ങര വീട്ടിൽ ഷിജാദ്, മാതാപിതാകളായ അബ്ദുൽ കാദർ, ഷാജിത, സഹോദരൻ ബാദുഷ എന്നിവർക്കെതിരെ കൊടുത്ത ഗാർഹിക പീഡന നിയമപ്രകാരമുള്ള ഹർജിയിലാണ് ഉത്തരവ്. എതിർകക്ഷിയും ഭർത്താവുമായ ഷിജാദിനെ പറ്റി വിവാഹത്തിന് മുൻപ് വീട്ടുകാർ അന്വേഷിച്ചിരുന്നുവെങ്കിലും ആൾ മദ്യത്തിനും മയക്കുമരുന്നിനും അടിമയാണെന്ന കാര്യവും ക്രിമിനൽ കേസുകളിലെ പ്രതിയാണെന്ന കാര്യവും ഹർജിക്കാരിക്കും വീട്ടുകാർക്കും മനസിലായിരുന്നില്ല. വിവാഹശേഷം അധിക നാൾ കഴിയും മുൻപ് തന്നെ ഭർത്താവിന്റെ സ്വഭാവത്തിൽ ഗണ്യമായ മാറ്റങ്ങൾ വരികയും ഹർജിക്കാരിക്ക് വിവാഹ സമ്മാനമായി കിട്ടിയ സ്വർണാഭരണങ്ങൾ കുറവാണെന്നും സൗന്ദര്യം കുറവാണെന്നും , കൂടുതൽ സ്വർണ്ണാഭരണങ്ങളും പണവും ആവശ്യപ്പെട്ട് എതിർകക്ഷികൾ ശാരീരികമായും മാനസികമായും പീഡിപ്പിച്ചിട്ടുള്ളതും പട്ടികജാതിയിൽപ്പെട്ട ഹർജിക്കാരിയുടെ പിതാവിനെ ജാതിപ്പേര് ആളുകളുടെ മുമ്പിൽ വെച്ച് വിളിച്ച് പറഞ്ഞ് അപമാനിക്കാറുള്ളതതാണ്.ഭർതൃവീട്ടിൽ വെച്ചുള്ള കൊടിയ മർദ്ദനത്തെ തുടർന്ന് പലപ്പോഴും പരിക്കേൽക്കുമ്പോൾ ഹർജിക്കാരി മാതാപിതാക്കളെ വിളിച്ച് വരുത്തിയാണ് ആശുപത്രിയിൽ പോകാറ്.വിവിധ സന്ദർഭങ്ങളിൽ പള്ളി കമ്മിറ്റിക്കാരും മറ്റും മധ്യസ്ഥ വഹിച്ച് എതിർകക്ഷികൾ മേലിൽ എതിർകക്ഷിയെ ഉപദ്രവിക്കില്ല എന്ന് ഉറപ്പുകൾ നൽകിയിരുന്നുവെങ്കിലും ആയതൊന്നും പാലിക്കാതിരുന്നിട്ടുള്ളതും ഉപദ്രവങ്ങൾ തുടർന്നിട്ടുള്ളതും ഈയിടെ മകന്റെ മുൻപിൽ വെച്ച് വീണ്ടും ഉപദ്രവിച്ചിട്ടുള്ളതും വീട്ടിൽ നിന്നും ബലം പ്രയോഗിച്ച് ഇറക്കി വിട്ടിട്ടുള്ളതും അഞ്ചങ്ങാടിയിൽ താമസിക്കുന്ന വാടകവീട്ടിൽ അഭയം പ്രാപിച്ചിട്ടുള്ളതാണ്. മാതാപിതാക്കൾ ഹർജിക്കാരിയോടുള്ള ക്രൂരപ്രവർത്തികൾ കണ്ട് മകനും മാനസിക ബുദ്ധിമുട്ടിലായി. തുടർന്ന് ഹർജിക്കാരിക്ക് അഭയം കൊടുത്ത ഹർജിക്കാരിയുടെ മാതാവിനും മറ്റും ഫോണിലേക്കും മറ്റും അശ്ലീല മെസ്സേജുകളും ഭീഷണികളും അയച്ചിട്ടുള്ളതിൽ പോലീസിൽ പരാതി കൊടുത്തെങ്കിലും ഭർത്താവും അനിയനും സ്റ്റേഷനിലെ സ്ഥിരം പ്രതികളായതിനാൽ അവർക്കെതിരെ പോലീസ് നടപടികളൊന്നും എടുത്തിട്ടില്ലാത്തതാണ് .

തുടർന്ന് ഹർജിക്കാരി അഡ്വക്കേറ്റ് സുജിത് അയിനിപ്പുള്ളി മുഖാന്തിരം ചാവക്കാട് മജിസ്ട്രേറ്റ് കോടതി സ്വകാര്യ അന്യായം ഫയലാക്കിയതിനെ തുടർന്ന് കോടതി നടപടികളെടുക്കുകയായിരുന്നു.

## കുഴഞ്ഞുവീണു മരിച്ചു

കുന്നംകുളം:ഭക്ഷണം കഴിക്കുന്നതിനിടെ കുഴഞ്ഞ് വീണ് കുറുക്കൻ പാറ സ്വദേശിയായ 26 വയസ്സുള്ള നിധിൻ മരിച്ചു. മൃതദേഹം കുന്നംകുളത്തെ സ്വകാര്യാശുപത്രിയിലെ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്നു.

## കോടതി പരസ്യം

### ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 1332/2022

ക്ഷേമോദയം കുറീസ് ലിമിറ്റഡ്, തൃശൂർ.

-അന്യായം

1) സുനിൽ ചെറിയാൻ, No. 67, Luze Church Road, Mailapur, Chennai-600004
2) 1-ാം പ്രതി ഒന്നിച്ചുതാമസം സുജിത് ചെറിയാൻ
3) 1-ാം പ്രതി ഒന്നിച്ചുതാമസം 1, 2 പ്രതികളുടെ അമ്മയും ചെറിയാൻ എന്നവരുടെ ഭാര്യയും ആയ വത്സ ചെറിയാൻ എന്ന ആനിയമ്മ ചെറിയാൻ, ചെന്നൈ-600004

- പ്രതികൾ

മേൽനമ്പ്ര് കേസിൽ പ്രതികൾക്കുള്ള സമൻസ് അന്യായത്തിൽ പറയുന്ന വിലാസത്തിൽ പ്രതികളുടെ സ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **18-10-2024** ലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും മേൽ നമ്പ്രിൽ ആർക്കെങ്കിലും തർക്കം ഉണ്ടെങ്കിൽ വിചാരണ ദിവസം രാവിലെ 11 മണിക്ക് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 28-09-2024
അന്യായഭാഗം അഡ്വക്കേറ്റ്
**സിവി ജോസ്** (ഒപ്പ്)